


# പാപിനിക്കു മോചനം

(ലൂക്കാ 7:36 – 50) Vol. 10, Issue: 59

ഡീ. സ്റ്റെബിൻ വിതയത്തിൽ MCBS

"ആരോട് അൽപം ക്ഷമിക്കുന്നുവോ അവർ അൽപം സ്നേഹിക്കുന്നു. ആരോട് അധികം ക്ഷമിക്കുന്നുവോ അവർ അധികം സ്നേഹിക്കുന്നു." ക്ഷമയുടെയും സ്നേഹത്തിന്റെയും വലിയ പാഠവുമായാണ് ഇന്ന് ഈശോ നമ്മുടെ മുന്നിലേയ്ക്കു വരുന്നത്. ഈശോ ഒരു ഫരിസേയപ്രമാണിയുടെ വീട്ടിൽ വിരുന്നിനു ക്ഷണിക്കപ്പെട്ടു. അത് വലിയ ആത്മാർത്ഥത കൊണ്ടോ, നിറഞ്ഞുതുളുമ്പുന്ന സ്നേഹം കൊണ്ടോ ആകാൻ തരമില്ല. പിന്നെയോ, നാലാളുടെ മുന്നിൽ ഒന്നു തലയുയർത്തി നിൽക്കാൻ തന്നെയാകണം. കാരണം, വീട്ടിലെത്തിയ അതിഥികളോട് പുലർത്തേണ്ട ആതിഥ്യമര്യാദകളൊന്നും ഇയാൾ പാലിക്കുന്നില്ല. കാലു കഴുകാൻ വെള്ളം കൊടുക്കുന്നില്ല, ചുംബനം കൊടുക്കുന്നില്ല എന്തിന് തലയിൽ തൈലവും പൂശിയില്ല. എന്നാൽ, ഈശോ വന്നിട്ടുണ്ടെന്ന് എവിടെനിന്നോ കേട്ടറിഞ്ഞ്, പാപിനി എന്ന് ജനം മുദ്രകുത്തിയ ഒരു സ്ത്രീ വന്ന് കണ്ണീരു കൊണ്ട് ഈശോയുടെ പാദങ്ങൾ കഴുകുകയാണ്. ആ കരച്ചിലിൽ അവളുടെ ഹൃദയവേദനകൾ മുഴുവനുമുണ്ടായിരുന്നു. നാളിതുവരെ, അറിഞ്ഞും അറിയാതെയും താൻ സഞ്ചരിച്ച തെറ്റിന്റെ വഴികളെക്കുറിച്ചോർത്തുള്ള സങ്കടമുണ്ടായിരുന്നു ആ കണ്ണുനീരിൽ. ഇനി മുതൽ ആത്മവിശുദ്ധീകരണത്തിന്റെ പാതയിലൂടെ സഞ്ചരിക്കണമെന്ന് അവൾ തീരുമാനിക്കുകയാണ്. അതിനായി അവൾ ഓടിയെത്തുന്നതോ, ആ നാഥന്റെ പാദാന്തികത്തിലും. അവളുടെ ഹൃദയം ഈശോയ്ക്ക് കാണാതിരിക്കാൻ കഴിഞ്ഞില്ല. ലോകത്തിനു മുമ്പിൽ അവൾ തെറ്റുകാരിയായിരുന്നു. പക്ഷേ, ഈശോ നോക്കിയതും നോക്കുന്നതും ബാഹ്യമോടിയിലല്ല, ആന്തരികമോടിയിലാണ്. ഞാനും നീയുമൊക്കെ ബാഹ്യമായി ഉയർന്നവരെങ്കിലും ഹൃദയഭാവം എന്തെന്ന് ഒരിക്കലെങ്കിലും ചിന്തിക്കാൻ ഈ വചനഭാഗം ഓർമ്മിപ്പിക്കുന്നു.

ഫരിസേയൻ ഈശോയെ വീട്ടിലേയ്ക്കു ക്ഷണിച്ചു. ഈശോ തിരിച്ചുപോകുമ്പോൾ ഫരിസേയന് പ്രത്യേകിച്ച് ഒന്നും കിട്ടിയില്ല. പക്ഷേ, എവിടെനിന്നോ വന്ന ആ സ്ത്രീയാകട്ടെ, രക്ഷയുമായിട്ടാണ് മടങ്ങിപ്പോയത്. എന്തുകൊണ്ട് ഇങ്ങനെ എന്നുള്ള ചോദ്യത്തിന് ഈശോ തന്നെ മറുപടി തരുന്നു: "ഇവളുടെ നിരവധിയായ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു. എന്തെന്നാൽ, ഇവൾ അധികം സ്നേഹിച്ചു. ആരോട് അൽപം ക്ഷമിക്കപ്പെടുന്നുവോ അവൻ അൽപം സ്നേഹിക്കുന്നു" (ലൂക്കാ 7:47-48). അധികം സ്നേഹിക്കാൻ നാം ചെയ്യേണ്ടത് അധികം ക്ഷമിക്കുക എന്നതാണ്. എന്നാൽ, രസകരമായ കാര്യമെന്താണെന്നു വച്ചാൽ, എല്ലാവർക്കും സ്നേഹം വേണം. പക്ഷേ, മറ്റുള്ളവരോട് ക്ഷമിക്കുവാൻ തയ്യാറല്ല. സ്നേഹവും ക്ഷമയും പരസ്പരം ഇടകലർന്ന രണ്ടു യാഥാർത്ഥ്യങ്ങളാണ്. ഒന്നില്ലാതെ മറ്റൊന്നില്ല. വചനം പറയുന്നുണ്ടല്ലോ, സ്നേഹം നിരവധി പാപങ്ങൾ മറയ്ക്കുന്നു എന്ന് (1 പത്രോസ് 4:8).

തീർന്നില്ല, കുഞ്ഞുങ്ങൾ ഉപയോഗിക്കുന്ന മറ്റൊരു വിദ്യയുണ്ടല്ലോ, ഏതെങ്കിലും തെറ്റിന് പിടിക്കപ്പെട്ട കുഞ്ഞിനെ തല്ലാൻ അമ്മ വടിയെടുക്കും. ഉടനെ, അവനെന്തുചെയ്യും? കരഞ്ഞുകൊണ്ട് അമ്മയെ ചെന്ന് കെട്ടിപ്പിടിച്ചു കരയും. അത് കണ്ടുനിൽക്കുന്ന അമ്മയ്ക്ക് പിന്നെ കുഞ്ഞിനെ തല്ലാൻ കഴിയുമോ? എല്ലാറ്റിനുമുപരി അമ്മയാണത്. അതെ, സ്നേഹത്തിന് ക്ഷമിക്കാനുള്ള കഴിവുണ്ട്. ക്ഷമിച്ചുനോക്കൂ, അവർ അധികം സ്നേഹിക്കുന്നതും കാണാം.

ഇനി പറയുന്നത് ഒരു യുവവൈദികനെക്കുറിച്ചാണ്. അദ്ദേഹം പനി പിടിച്ച് അവധിയിലായിട്ട് ദിവസങ്ങളായി. അച്ചൻ അൽപം ദേഷ്യക്കാരനുമാണേ. അന്ന് അച്ചന്റെ പനി ഏകദേശം മാറിയിരുന്നു. എങ്കിലും അന്ന് സ്കൂളിൽ പോകാൻ തോന്നിയില്ല. വന്നിട്ട് ഒരു മാസമേ ആയുള്ളൂവെങ്കിലും മുതിർന്ന വിദ്യാർത്ഥികൾക്കു പകരം ചെറിയ കുട്ടികളെ പഠിപ്പിക്കേണ്ടി വന്നതിലെ അസ്വസ്ഥതകളും എന്നും മാതാപിതാക്കന്മാരുടെ പരാതികളും കൂടിയായപ്പോൾ അദ്ദേഹത്തിന്റെ മനസ്സ് മടുത്തു. എങ്ങനെയെങ്കിലും അവിടെനിന്നു മാറണമെന്നു പോലും ചിന്തിച്ചുതുടങ്ങി. അങ്ങനെ ചിന്തിച്ചുനിൽക്കുമ്പോഴാണ് ഒരു ടീച്ചർ മുറിക്കു മുന്നിലെത്തിയത്.

''അച്ചാ, അച്ചനെ കാണാൻ ഒരു രണ്ടാം ക്ലാസ്സുകാരന്റെ പേരന്റ് കാത്തുനിൽക്കുന്നു.'' അച്ചനു പെട്ടെന്ന് ദേഷ്യമാണ് വന്നത്. ''ഞാൻ സ്കൂളിൽ വന്നിട്ട് രണ്ടാഴ്ചയേ ആയിട്ടുള്ളൂ. അപ്പോഴേയ്ക്കും പരാതിയോ?'' പിന്നീട് കാര്യം അറിഞ്ഞപ്പോൾ സത്യത്തിൽ അച്ചന്റെ കണ്ണു നിറഞ്ഞു. ആ കുട്ടി എന്നും സന്ധ്യാദീപം തെളിച്ചുകഴിഞ്ഞ് കൈകൂപ്പി പ്രാർത്ഥിക്കുന്നത് അച്ചനുവേണ്ടിയായിരുന്നു. 'ഈശ്വരാ, എന്റെ ഫാദറിനെ വേഗം സുഖപ്പെടുത്തണേ' എന്ന്. അച്ചന്റെ അസുഖവിവരം അറിയാനായിരുന്നു ആ കുട്ടിയും പേരന്റും വന്നത്.

നോക്കണം പ്രിയമുള്ളവരേ, നമ്മെ സ്നേഹിക്കുന്നവർ ഒരുപാടുണ്ട് നമുക്കു ചുറ്റും. അത് മനസ്സിലാക്കിയാൽ മതി. ആ സ്കൂളിൽ നിന്നും സ്ഥലംമാറി പോകുമ്പോൾ അച്ചൻ അവിടെയുള്ള എല്ലാ കുഞ്ഞുങ്ങൾക്കും പ്രിയങ്കരനായിത്തീർന്നിരുന്നു. ''നിങ്ങൾക്കു പരസ്പരം സ്നേഹമുണ്ടെങ്കിൽ, നിങ്ങൾ എന്റെ ശിഷ്യന്മാരാണെന്ന് അതുമൂലം എല്ലാവരും അറിയും'' (യോഹ. 13:35).

എപ്പോഴും സ്നേഹിക്കാനാണ് ഈശോ പഠിപ്പിച്ചത്. സ്നേഹിക്കുക എന്നത്, അത്ര എളുപ്പമുള്ള കാര്യമല്ല. പലരുടെയും പരാതി, ഞാൻ പാപിയാണ്. എന്റെ പ്രാർത്ഥന ദൈവം കേൾക്കുമോ, എന്നോടു ക്ഷമിക്കുമോ എന്നൊക്കെയാണ്. എന്നാൽ അങ്ങനെയല്ല. ദൈവം എല്ലാവരോടും, പാപാവസ്ഥയിൽ പോലും സംസാരിക്കുന്നുണ്ട്, അനുതപിക്കാൻ ആവശ്യപ്പെടുന്നുണ്ട്, ക്ഷമിക്കുന്നുണ്ട്. അപ്പോൾ നാം ചെയ്യേണ്ടതോ, ഈശോയെ കൂടുതൽ സ്നേഹിക്കുക എന്നതും.

വചനഭാഗത്ത് ഈശോ ഒരു യജമാനനന്റെയും അദ്ദേഹത്തിന്റെ കൈയ്യിൽ നിന്നും പണം കടം വാങ്ങിയ രണ്ടു വ്യക്തികളുടെയും ഉപമ പറയുന്നുണ്ട്. ഒരു യജമാനന് രണ്ട് കടക്കാർ ഉണ്ടായിരുന്നു. ഒരുവൻ അഞ്ഞൂറും മറ്റേയാൾ അമ്പതും ദനാറ കടപ്പെട്ടിരുന്നു. വീട്ടാൻ കഴിവില്ലാത്തതുകൊണ്ട്, യജമാനൻ ഇരുവർക്കും കടം ഇളച്ചുകൊടുക്കുന്നു. തുടർന്ന്, തന്നെ കേൾക്കുന്നവരോട് ഈശോ ചോദിച്ചു: ''ആ രണ്ടു പേരിൽ ആരാണ് അവനെ കൂടുതൽ സ്നേഹിച്ചത്?'' ഉത്തരം ഇങ്ങനെയായിരുന്നു: ''ആർക്ക് അവൻ കൂടുതൽ ഇളവ് ചെയ്തോ, അവൻ!'' അതുതന്നെയാണ് ഈശോയും ചെയ്തത്. അധികം സ്നേഹിച്ചവരോട് അധികം ക്ഷമിച്ചു. അതുകൊണ്ട് നമുക്കും ക്ഷമിക്കാൻ പഠിക്കാം. ക്ഷമയുടെ വലിയ മാതൃക ഈശോ തന്നെയാണ്. എല്ലാവരോടും ക്ഷമിച്ചുകൊണ്ട് അവൻ കടന്നുപോയി. ഇന്ന് ലോകം അവനെ സ്നേഹിക്കുന്നു.

പഴയനിയമത്തിൽ, സ്വന്തം സഹോദരങ്ങളാൽ വേദനിപ്പിക്കപ്പെട്ട ജോസഫ് മുതൽ തുടങ്ങുന്ന ചരിത്രം പുതിയനിയമം വരെ നീളുന്നുണ്ട്. ജോസഫിനോട് സഹോദരങ്ങൾ ചെയ്ത ക്രൂരതകൾക്ക് എണ്ണിയെണ്ണി കണക്ക് ചോദിക്കാമായിരുന്നു. പക്ഷേ, ചെയ്തില്ല. പകരം, എല്ലാം ദൈവീകപദ്ധതിയായി കണ്ട് ക്ഷമിച്ചു. വചനം പറയുന്നു: ''നിങ്ങൾ ഈജിപ്തുകാർക്കു വിറ്റ നിങ്ങളുടെ സഹോദരൻ ജോസഫാണ് ഞാൻ. എന്നെ ഇവിടെ വിറ്റതോർത്ത് നിങ്ങൾ വിഷമിക്കുകയോ വിഷാദിക്കുകയോ വേണ്ട. കാരണം, ജീവൻ നിലനിർത്താൻ വേണ്ടി ദൈവമാണ് എന്നെ നിങ്ങൾക്കു മുമ്പേ ഇങ്ങോട്ടയച്ചത്'' (ഉൽ. 45:4). അതിന്റെ ഫലമായി ദൈവം ആ കുടുംബത്തെ വീണ്ടും സ്നേഹത്തിൽ ഒന്നാക്കി മാറ്റി. ക്ഷമിച്ചാൽ മാറാത്ത പ്രശ്നങ്ങളില്ല, സ്നേഹിച്ചാൽ കിട്ടുന്ന ആനന്ദവും വേറൊന്നില്ല. ഈ ബോധ്യം തലയ്ക്കു പിടിച്ചതുകൊണ്ടാവാം പൗലോസ് ശ്ലീഹാ പറഞ്ഞത്: ''സ്നേഹം സകലതും സഹിക്കുന്നു, സകലതും വിശ്വസിക്കുന്നു, സകലതും പ്രത്യാശിക്കുന്നു, സകലത്തെയും അതിജീവിക്കുന്നു'' എന്ന് (1 കോറി 13:7).

അതായത്, കടുംചുവപ്പായ ഏതു വലിയ പാപങ്ങളിൽ നിന്നും മോചനം നേടാൻ ഞാൻ ചെയ്യേണ്ടത് ഇത്രമാത്രം, ദൈവത്തെ അധികം സ്നേഹിക്കുക. അതിനുള്ള ഏറ്റവും വലിയ ഉദാഹരണമാണ് പാപിനിയായ സ്ത്രീയുടെ കഥ. ''നല്ലവരായിരിക്കൂ. ദൈവത്തെ സ്നേഹിക്കൂ. അവിടുത്തെ അറിയാത്തവർക്കായി പ്രാർത്ഥിക്കുക. ദൈവത്തെ അറിയുക എന്നത് എത്രയോ വലിയ കൃപയാണ്'' (വി. യോഹന്നാൻ ബക്കീത്ത).